**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **07-12-2022 - ൽ മറുപടിയ്ക്ക്**

**കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം മണ്ഡലത്തിലെ കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്നും ഇവിടുത്തെ സംഭരണിയിലേക്ക് വെള്ളം എത്തിക്കുന്നത് എവിടെ നിന്നാണെന്നും വെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ പ്രവൃത്തി എന്ന് പൂർത്തിയാകുമെന്നും വിശദമാക്കുമോ; | (എ) | **പ്രസ്തുത പദ്ധതിയ്ക്ക് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 22.07.2020- ൽ 9.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് ഹൗസ്, 3.4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി, പി.വി.സി. ടാങ്ക്, 5015 മീ. ദൈർഘ്യത്തിൽ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ, 9451 മീ. ദൈർഘ്യത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ, 1500 വാട്ടർ കണക്ഷനുകൾ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്.**<br><br>**ജിക്ക പദ്ധതിയുടെ ഭാഗമായ പുളുക്കന്നിലെ ജലസംഭരണിയിൽ നിന്നും ശുദ്ധജലം പമ്പ്ചെയ്ത് കൊടിക്കുന്നിൽ നിർമിക്കുന്ന 3.4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയിലും, 10000 ലിറ്റർ സംഭരണ ശേഷിയുള്ള പി.വി.സി. ജല സംഭരണിയിലുമെത്തിച്ച് ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. കൊടിക്കുന്നിലെ 3.4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു, 60% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു. റോഡ് പുനസ്ഥാപന തുകയായി പൊതുമരാമത്ത് വകുപ്പിന് 1,67,14,805/- രൂപയും തിരുവനന്തപുരം നഗരസഭയിൽ 75,78,540/- രൂപയും ഒടുക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ആറു മാസം കൊണ്ട് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.ഈ പദ്ധതി 2023 ജൂൺ മാസത്തോടു കൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (ബി) | പുളുക്കന്ന് കുടിവെള്ള സംഭരണിയിൽ ആവശ്യമനുസരിച്ച് വെള്ളം | (ബി) | **പുളുക്കന്ന് സംഭരണിയിൽ ആവശ്യമനുസരിച്ചുള്ള വെള്ളം ലഭ്യമാകുന്നില്ല. ടി ടാങ്കിന്റെ സംഭരണ ശേഷി** |

| | | | |
|---|---|---|---|
| | ശേഖരിക്കുന്നുണ്ടോയെന്നും നിലവിൽ ടാങ്കിന്റെ സംഭരണ ശേഷി എത്രയെന്നും സംഭരിക്കുന്ന വെള്ളത്തിന്റെ അളവ് എത്രയെന്നും ശരിയായ രീതിയിൽ ജല വിതരണം നടത്തുന്നതിനാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ; പ്രസ്തുത വാട്ടർടാങ്കിൽ നിന്നുള്ള ഹൈലെവൽ പമ്പിംഗ് പ്രദേശങ്ങളിൽ എല്ലാ ദിവസവും കുടിവെള്ളം നൽകുവാൻ കഴിയുന്നുണ്ടോ എന്നും ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും എല്ലാ പ്രദേശങ്ങളിലും ആവശ്യത്തിനുള്ള വെള്ളം എന്നു മുതൽ ലഭ്യമാക്കുവാൻ കഴിമെന്നും വിശദമാക്കാമോ; | | **80 ലക്ഷം ലിറ്റർ ആണ്.നിലവിൽ ഇതിന്റെ 30% മാത്രമേ സംഭരിക്കാൻ സാധിക്കുന്നുള്ളൂ. പ്രോജക്ട് ഡിവിഷനു കീഴിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പേരൂർക്കട മുതൽ മൺവിള വരെയുള്ള പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ എല്ലാ പ്രദേശങ്ങളിലും ആവശ്യത്തിനുള്ള ജലവിതരണം നടത്താൻ സാധിക്കും.** |
| (സി) | മൺവിള കുടിവെള്ള സംഭരണിയിൽ ആവശ്യത്തിന് ജലം ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് എന്നു മുതൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാക്കുവാൻ കഴിയുമെന്നും അറിയിക്കുമോ; പുതുക്കുന്ന്, മൺവിള കുടിവെള്ള സംഭരണികളിൽ കുടിവെള്ളം എത്തിക്കുന്നതിന് പുതിയ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;പ്രസ്തുത പദ്ധതികൾ നിന്നുപോകാനുണ്ടായ കാരണവും അവ എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ; | (സി) | **നിലവിൽ വാൽവ് നിയന്ത്രണത്തിലൂടെ പ്രദേശത്തെ ജനങ്ങൾക്ക് വെള്ളം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മൺവിള ജലസംഭരണിയിലെ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പേരൂർക്കട മുതൽ മൺവിള വരെയുള്ള കാലപ്പഴക്കം ചെന്ന പ്രധാന പി.എസ്.സി. ജലവാഹിനിക്കുഴലുകൾ മാറ്റി പുതിയ മൈൽഡ് സ്റ്റീൽ ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുകയും, കിഫ്ബി വഴി 63.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ദർഘാസ് നടപടികൾ 13.06.2019-ൽ ആരംഭിക്കുകയും നടപടികൾ പൂർത്തിയാക്കി 14.01.2020ൽ കരാർ നൽകുകയും ചെയ്തു. കോവിഡ് മഹാമാരിയും അതിനെത്തുടർന്നുള്ള അടച്ചിടലും പദ്ധതിയുടെ തുടർ പ്രവർത്തനത്തെ ബാധിച്ചു. പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി 30.12.2020-നാണ് ലഭിച്ചത്. പദ്ധതിയുടെ ഭാഗമായ 39% പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതേസമയം റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരാർ കമ്പനി ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിക്കുകയും പ്രവൃത്തികൾ നിർത്തി വച്ചിരിക്കുകയുമാണ്. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തി നിശ്ചയിച്ച തുകയിൽ തന്നെ പൂർത്തീകരിക്കുവാനായി കരാറുകാരന് 6 മാസം കൂടി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2023 മെയ് മാസത്തോടു കൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (ഡി) | കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ ചന്തവിള, കഴക്കൂട്ടം, കാട്ടായിക്കോണം,പള്ളിത്തുറ | (ഡി) | **അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ചന്തവിള, കഴക്കൂട്ടം, കാട്ടായിക്കോണം, പള്ളിത്തുറ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികളുടെ** |

| | | | |
|---|---|---|---|
| | വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പുതിയ പദ്ധതി ആരംഭിക്കുമോ; വ്യക്തമാക്കുമോ; | | **എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.** |
| (ഇ) | കഴക്കൂട്ടം-മുട്ടത്തറ സ്വിവറേജ് പ്രോജക്ട്-ന്റെ നിർമ്മാണ പുരോഗതിയും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിനുണ്ടായ കാലതാമസത്തിന്റെയും പ്രവൃത്തിയുടെ ഭാഗമായി തകർന്ന റോഡുകൾ പുനസ്ഥാപിക്കേണ്ടത്തിന്റെയും ഉത്തരവാദിത്തം ആരിൽ നിക്ഷിപ്തമാണെന്നും ആയതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിലും നഗരസഭയിലും ഒടുക്കിയിട്ടുണ്ടോ എന്നും വിശദമാക്കുമോ? | (ഇ) | **തിരുവനന്തപുരം നഗരസഭയിലുൾപ്പെട്ട കഴക്കൂട്ടം മേഖലയിലെ സ്വീവറേജ് മാലിന്യം സംസ്കരിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയോജിത പദ്ധതിയായ അമൃതിലുൾപ്പെടുത്തി വിവിധ സ്ഥലങ്ങളിലായി സ്വീവേജ് പമ്പ്ഹൗസുകളുടെ നിർമ്മാണവും, പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും നടന്നു വരുന്നു. അവയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. സ്വീവറേജ് പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള കാരാറുകാരുടെ അഭാവം പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഗ്രാവിറ്റി സംവിധാനത്തിൽ സ്വീവേജ് ഒഴുകേണ്ടതിനാൽ, അതിനനുസരിച്ച് ശരാശരി 8 മീറ്ററോളം വരെ താഴ്ചയിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതും അതുപോലെ മാൻഹോളുകൾ നിർമ്മിക്കേണ്ടതും. പ്രസ്തുത പ്രവൃത്തി നടത്തുന്ന പ്രദേശത്തെ മണ്ണിന്റെ ഘടന പൊതുവെ ലോലവും ചിലയിടങ്ങളിൽ വെള്ളക്കെട്ടുള്ളതുമായതിനാലും ആഴത്തിലുള്ള ഈ പ്രവൃത്തി തൊഴിലാളികളുടെ സുരക്ഷ കൂടി കണക്കിലെടുത്ത് സാവധാനത്തിലാണ് നടന്നു വരുന്നത്. കോവിഡ് മഹാമാരിയുടെ കടന്നു വരവും അതിനെ തുടർന്നുണ്ടായ അടച്ചിടലും, കാലാവസ്ഥ വ്യതിയാനം മൂലം ഇടയ്ക്കിടെയുണ്ടാകുന്ന കനത്ത മഴയും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.**<br>**ഉള്ളൂർ ആക്കുളം റോഡിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് റോഡ് പുനസ്ഥാപന പ്രവൃത്തികൾ നടത്തുവാനായി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും പുനസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന റോഡുകളിലെ പുനസ്ഥാപന പ്രവൃത്തികൾ നടത്തുന്നതിനുള്ള തുക നേരത്തേ തന്നെ പൊതുമരാമത്ത് വകുപ്പിലും, തിരുവനന്തപുരം നഗരസഭയിലും ഒടുക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് അതാത് വകുപ്പുകൾ തന്നെ പുനസ്ഥാപന പ്രവൃത്തികൾ നടത്തേണ്ടതുണ്ട്.** |

സെക്ഷൻ ഓഫീസർ

## കഴക്കൂട്ടം- മുട്ടത്തറ സ്വീവറേജ് പദ്ധതിയുടെ നിലവിലെ സ്ഥിതി

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ഇടത്തറയിൽ സ്വീവറേജ് പമ്പ് ഹൗസ് നിർമ്മിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു.72% പൂർത്തിയായി |
| 2 | ഇടത്തറ മുതൽ മുട്ടത്തറ വരെ സ്വീവറേജ് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | ടി പ്രവൃത്തിയുടെ 69% പൂർത്തിയായി. കാരാളി പ്രദേശത്തെ ജനങ്ങളുടെ എതിർപ്പ് കാരണം പ്രവൃത്തികൾ തടസ്സപ്പെടുകയും ഷോർട്ട് ക്ലോസ് ചെയ്യുകയും ചെയ്തു.ബാക്കി പ്രവൃത്തികൾ ചെയ്യാൻ പുതിയ കരാർ നൽകിയെങ്കിലും വീണ്ടും പ്രദേശവാസികളുടെ എതിർപ്പ് കാരണം തുടങ്ങാനായിട്ടില്ല |
| 3(a) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പുലയനാർക്കോട്ട മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ 10 വരെ സ്വീവറേജ് ട്രങ്ക് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ(പാക്കേജ് -1) | പ്രവൃത്തികൾ പുരോഗമിക്കുന്നു.94% പൂർത്തിയായി. 31.12.2022-ന് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| 3(b) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട-വെൺപാലവട്ടം റോഡിലൂടെയും ഗ്രീൻ പാർക്ക് റോഡിലൂടെയും അമയിഴഞ്ചാൻ തോടിന് വശത്തുകൂടി ഇടത്തറ മേഖലയിലെ മാൻഹോൾ 7 വരെ സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ് 2) | പ്രവൃത്തികൾ പുരോഗമിക്കുന്നു. 26% പൂർത്തിയായി |
| 3(c) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി ഉദയ ഗാർഡനിലെ സ്റ്റില്ലിംഗ് ചേംബർ മുതൽ മാൻഹോൾ 89 വരെ സ്വീവറേജ് ട്രങ്ക് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ് 3) | പ്രവൃത്തി പൂർത്തിയായി. |
| 3(d) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട അരശുംമൂട് ജംഗ്ഷൻ മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ-7 വരെ സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ് 4) | പ്രവൃത്തികൾ പുരോഗമിക്കുന്നു,57% പൂർത്തിയായി |
| 3(e) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി മാൻഹോൾ 110 മുതൽ മാൻഹോൾ 150 വരെ സ്വീവറേജ് പൈപ്പ് ലൈൻ | പ്രവൃത്തികൾ പുരോഗമിക്കവെ പാറയുടെ സാന്നിധ്യം കണ്ടതിനാൽ കരാർ റദ്ദ് ചെയ്ത് പുന:ദർഘാസ് ക്ഷണിക്കാൻ തീരുമാനമായിട്ടുണ്ട്. |

| | | |
|---|---|---|
| | സ്ഥാപിക്കൽ(പാക്കേജ് 5) | |
| 3(f) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി മാൻഹോൾ 10 മുതൽ കിംസ് ആശുപത്രി വരെ എച്ച്.ഡി.ഡി രീതിയിൽ സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കൽ (പാക്കേജ് 6) | പ്രവൃത്തികൾ പൂർത്തിയായി |
| 4 | ഇടത്തറ പമ്പിംഗ് സ്റ്റേഷനിൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ് സെറ്റുകൾ എത്തിച്ചു. ഇടത്തറ പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കാനാകും. |
| 5 | ആക്കുളത്ത് സ്വീവറേജ് പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം (ബ്ലോക്ക്-കെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 92% പൂർത്തിയായി |
| 6 | ആക്കുളം പമ്പിംഗ് സ്റ്റേഷൻ മുതൽ പുലയാനാർക്കോട്ട സ്റ്റില്ലിംഗ് ചേംബർ വരെ 450 മി.മി വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പ്രവൃത്തി പൂർത്തിയായി |
| 7 | കുഴിവിള മുതൽ ആക്കുളം വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ (ബ്ലോക്ക്-കെ)-ബൈപ്പാസ് ജംഗ്ഷനിലെ സ്റ്റില്ലിംഗ് ചേംബർ മുതൽ ആക്കുളം പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പൂർത്തിയായി |
| 8 | ആക്കുളം പമ്പിംഗ് സ്റ്റേഷനിൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ് സെറ്റുകൾ എത്തിച്ചു.ആക്കുളം പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കാനാകും. |
| 9 | കരിമണലിൽ സ്വീവറേജ് പമ്പിംഗ് സ്റ്റേഷൻ നിർമിക്കൽ(ബ്ലോക്ക്-ജെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 94%പൂർത്തിയായി |
| 10 | കരിമണൽ മുതൽ കുഴിവിള വരെ 350 മി.മി വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പ്രവൃത്തി പൂർത്തിയായി |
| 11(a) | കരിമണൽ (ബ്ലോക്ക്-ജെ) യിൽ സ്വീവറേജ് നെറ്റ് വർക്ക് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി അരശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷൻ വരെ ട്രങ്ക് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ | പ്രവൃത്തികൾ 26% പൂർത്തിയായെങ്കിലും പുരോഗതി വളരെ കുറവായതിനാൽ നിലവിലെ കരാർ കമ്പനിയെ ഒഴിവാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ചെയ്യുവാനായി പലവട്ടം ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും കരാറുകാർ ദർഘാസിൽ പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തിയെ നാലായി വിഭജിച്ച് നടപ്പിലാക്കി വരുന്നു. അതിൽ ഒന്നാമത്തെ ഭാഗം 35%, രണ്ടാമത്തെ ഭാഗം 74% , മൂന്നാമത്തെ ഭാഗം 67% , നാലാമത്തെ ഭാഗം 37% എന്നിങ്ങനെ പൂർത്തിയായിട്ടുണ്ട്. |
| 11(b) | കരിമണൽ (ബ്ലോക്ക് ജെ) യിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി ബൈപ്പാസ് ജംഗ്ഷൻ(കുഴിവിള) മുതൽ | കരാർ നൽകിയിട്ടുണ്ട് |

| | | |
|---|---|---|
| | അരശ്ശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷനിലേയ്ക്കുള്ള ട്രങ്ക് മെയിനിലെ മാൻഹോൾ 3 വരെ സ്വീവറേജ് നെറ്റ് വർക്ക് സ്ഥാപിക്കൽ. | |
| 11(c) | കരിമണൽ (ബ്ലോക്ക് ജെ)യിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി അരശ്ശുംമൂട് മുതലുള്ള റോഡിന്റെ ഇരുവശത്തുമുള്ള സ്വീവറേജ് നെറ്റ് വർക്ക് മാൻഹോളുമായി കൂട്ടിയോജിപ്പിക്കൽ. | പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 12(a) | കഴക്കൂട്ടം എരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ തെറ്റിയാറിന്റെ കരയിലൂടെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷൻ മുതൽ അരശ്ശുംമൂട് സ്റ്റില്ലിംഗ് ചേംബർ വരെ 350 മി.മി പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പ്രവൃത്തി പൂർത്തിയായി |
| 12(b) | കഴക്കൂട്ടം എരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിൽ പമ്പിംഗ് സ്റ്റേഷന്റെ നിർമാണം | പ്രവൃത്തികൾ പുരോഗമിക്കുന്നു, 52 % പൂർത്തിയായി |
| 12(c) | കഴക്കൂട്ടം എരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിൽ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ. | കരാർ നൽകിയിട്ടുണ്ട് |
| 12(d) | കഴക്കൂട്ടം എരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിൽ പമ്പിംഗ് സ്റ്റേഷനിൽ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ , ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ | പമ്പ് ഹൗസിന്റെ നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാവും |
| 13 | കഴക്കൂട്ടം പമ്പിംഗ് സ്റ്റേഷനിൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ , തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ് സെറ്റുകൾ എത്തിച്ചു. കരിമണൽ പമ്പ് ഹൗസിന്റെ നിർമാണ പ്രവൃത്തികൾ പൂർത്തിയാവുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കാനാകും |

**സെക്ഷൻ ഓഫീസർ**